**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **16-03-2022 - ൽ മറുപടിയ്ക്ക്**

**എരുമേലി സി.എച്ച്.സി.യിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ തസ്തികയിൽ ഒഴിവില്ല. നിലവിലുള്ള 7 തസ്തികകളിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ജെ.പി.എച്ച്.എൻ-മരുടെ റാങ്ക് ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ എംപ്ലോയമെന്റ് എക്സ്ചേയ്ഞ്ച് മുഖാന്തിരം എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒഴിവുണ്ടായിരുന്ന 5 ജെ.പി.എച്ച്.എൻ. -മാരുടെ തസ്തികയിലേയ്ക്ക് 3 പേരെ നിയമിച്ചിട്ടുണ്ട്. ജെ.എച്ച്.ഐ. തസ്തികയിൽ ഒരൊഴിവ് നിലിവിലുള്ളത് പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശുപാർശ പി.എസ്.സി. -ൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്. |
| (ബി) | എരുമേലി സി.എച്ച്.സി.യുടെ കീഴിലുള്ള ഒൻപത് സബ് സെന്ററുകളിൽ നിലവിൽ ഏതെല്ലാമാണ് പ്രവർത്തിക്കുന്നതെന്നും എല്ലാ സബ് സെന്ററുകളും പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ; | (ബി) | എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ മെയിൻ സെന്റർ ഉൾപ്പെടെ 11 സബ് സെന്ററുകളാണ് പ്രവർത്തിക്കുന്നത്. എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 5 ജെ.പി.എച്ച്.എൻ. തസ്തികയിൽ ഒഴിവുണ്ട്. ജെ.പി.എച്ച്.എൻ. തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പ്രസ്തുത ഒഴിവുകളിൽ മൂന്നെണ്ണത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖാന്തിരം നിയമനം നടത്തി. 9 സബ് സെന്ററുകളുടെ പ്രവർത്തനം പൂർണ്ണമായും നല്ല രീതിയിൽ നടക്കുന്നുണ്ട്. എന്നാൽ, സബ് സെന്ററുകളായ കനകമ്പലം, ഇടകടത്തി എന്നിവയുടെ പ്രവർത്തനം ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതോടു കൂടി ഒഴിവുകൾ നികത്തുന്നതനുസരിച്ച് സബ് സെന്ററുകളുടെ പ്രവർത്തനം പൂർണ്ണ തോതിൽ ആകുന്നതാണ്. |
| (സി) | എരുമേലി സി.എച്ച്.സി. യിൽ വൈകുന്നേരം ആറുമണിക്കുശേഷം ഒ.പി. പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തി ലെ 7 ഡോക്ടർമാരിൽ 3പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. വർക്കിംഗ് |

| | | | |
|---|---|---|---|
| | | | അറേഞ്ച്മെന്റിലുള്ള ഡോക്ടർമാർ തിരികെ ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് 6 മണിയ്ക്ക് ശേഷം ഒ.പി. പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ